**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5182** **21-03-2025 - ൽ മറുപടിയ്ക്ക്**

**തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (എ) | **1. നാളികേര വികസന പദ്ധതി** - കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും നാളികേര വികസന പദ്ധതി എന്ന പേരിൽ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. തേങ്ങയുടെ ഉത്പാദനവും, തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**i.കേര ഗ്രാമം**<br><br>നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് ഒരു കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി 25.67ലക്ഷം രൂപ ധനസഹായം നൽകി വരുന്നു.<br><br>**ii. കേരരക്ഷാവാരം പദ്ധതി** |

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കേരരക്ഷാവാരം പദ്ധതി നടപ്പിലാക്കുന്നു. നാളികേര വികസന പദ്ധതിയുടെ ഘടകമായ കേരരക്ഷ വാരം കാമ്പയിനുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയുംഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് വിവിധ ശാസ്ത്രീയ പരിപാലന രീതികൾ എന്നിവയ്ക്ക് കർഷകർക്കിടയിൽ പ്രചാരം നൽകുന്നു. തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കുറ് വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) Rs.6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്നതിനായി തെങ്ങൊന്നിന് 75/- രൂപ സബ്സിഡി അനുവദിക്കുന്നു.

**iii. നാളികേര വികസന കൗൺസിൽ** - കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണ് കൗൺസിലിലൂടെ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പ്രതിവർഷം ഏകദേശം പതിമൂന്ന് ലക്ഷത്തോളം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ (നാടൻ ഇനം - 11 ലക്ഷം, കുറുകിയ ഇനം-75000, സങ്കരയിനം-1.4 ലക്ഷം) ഈ പദ്ധതിയിലൂടെ കർഷർക്ക് സബ്സിഡി നിരക്കിൽ നൽകുന്നു. കഴിഞ്ഞ 6 വർഷങ്ങളിലായി 48,19,185 തെങ്ങിൻതൈകൾ ഇപ്രകാരം കർഷർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ കൃഷി വകുപ്പിന് കീഴിലുള്ള തെങ്ങിൻ തൈ നഴ്സറികളിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി വിത്ത് തേങ്ങാ സംഭരണം നടപ്പിലാക്കി വരുന്നു.**

| | | | |
|---|---|---|---|
| | | | **2. നാളികേര വികസന ബോർഡ്** പദ്ധതിയിൽ മാതൃക തോട്ടങ്ങൾ, ജൈവവള നിർമ്മാണ യൂണിറ്റുകൾ, പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചു മാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.<br><br>**3.** നാളികേരാധിഷ്ഠിത മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പോസ്റ്റ് ഹാർവെസ്റ്റ്മാനേജ്മെന്റ് & വാല്യൂ അഡിഷൻ, ഫാം പ്ലാൻ എന്നീ പദ്ധതികൾ മുഖാന്തിരം എഫ്.പി.ഒകൾ, കൃഷി കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ, കാർഷിക സംരംഭകർ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യ വികസനം, യന്ത്ര സാമഗ്രികൾ വാങ്ങൽ എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു. എഫ്.പി.ഒ കൾ മുഖേനെ നാളികേരാധിഷ്ഠിത മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്കായി സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനെസ്സ് കൺസോർഷ്യം (SFAC) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്.<br><br>കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിവിധതരം രോഗബാധകളെ തുടർന്ന് തെങ്ങ് കൃഷി അനാദായകരമായി മാറുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി കേരഗ്രാമം ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ കേട്ടു വന്നതും, പ്രായാധിക്യം മൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റി നല്ലയിനം തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കുന്നു. ഇതിനായി തെങ്ങു മുറിച്ച് മാറ്റുന്നതിന് 1000/- രൂപയും |

| | | | |
|---|---|---|---|
| | | | പുതിയ തൈകൾ നടുന്നതിനു 60/- രൂപയും സബ്സിഡിയിനത്തിൽ നൽകുന്നു. നാളികേര വികസന പദ്ധതിയുടെ ഘടകമായ കേരരക്ഷ വാരം കാമ്പയിനുകളിൽ ഉൾപ്പെടുത്തി തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്നതിനായി തെങ്ങൊന്നിന് 75/-രൂപ സബ്സിഡി അനുവദിക്കുന്നു. കൂടാതെ നാളികേര വികസന ബോർഡിന്റെ പദ്ധതിയായ റീപ്ലാന്റിംഗ് ആൻഡ് റെജുവേണഷൻ എന്ന പദ്ധതിയിലും തെങ്ങു മുറിച്ച് മാറ്റുന്നതിനു 1000/- രൂപയും പുതിയവ നടുന്നതിനും 40/- രൂപയും നൽകുന്നു. |

സെക്ഷൻ ഓഫീസർ